നാൽ ഇതിന്റെ പ്രവർത്തനം തുടങ്ങിയശേഷം അതിക്രമങ്ങൾ ഗണ്യമായി കുറഞ്ഞുവരുന്നു.

9 (1813) പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാനുള്ള നടപടി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തെ ലാക്കാക്കി എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന എത്ര സംഘങ്ങൾ ഉണ്ട്;

(സി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം പരിപാടികളുണ്ട്;

(ഡി) കാര്യക്ഷമമായ പ്രവർത്തനം നടത്താതെ ക്ഷയിച്ചുപോയ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) 101 സംഘങ്ങൾ

(ബി) 18 എണ്ണം

(സി) പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടി സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്കും സെക്രട്ടറിമാർക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷനോട് അഫിലിയേറ്റ് ചെയ്യപ്പെട്ടതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് തൊഴിലധിഷ്ഠിത വായ്പ, ചെറു വന വിഭവങ്ങളുടെ ശേഖരണത്തിനുള്ള വായ്പ എന്നിവ നൽകിവരുന്നു.

(ഡി) പ്രവർത്തനക്ഷമമാക്കാൻ പറ്റുന്ന സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചുവരുന്നു.

10 (1814) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ വികസന അസന്തുലിതാവസ്ഥ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്നും അവർ ഏതൊക്കെ പട്ടികവിഭാഗത്തിൽപ്പെടുന്നവർ

LIBRARY ARCHIVES Kerala Legislative Assembly

ആണെന്നും അതിൽ എത്ര പേർ നേരിട്ട് ഗസറ്റഡ് തസ്തികയിൽ നിയമിതർ ആയതാണെന്നും കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സംസ്ഥാന സർവ്വീസിൽ പട്ടികവർഗ്ഗ ഐ.എ.എസ്. ഐ.പി. എസ്, ഐ.എഫ്.എസ്, ഐ.ആർ.എസ് വിഭാഗത്തിൽപ്പെട്ട കേഡറിലുള്ളവർ പട്ടികവർഗ്ഗത്തിലെ ഏത് സമാന്തര വിഭാഗത്തിൽപ്പെടുന്നവരാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതനുസരിച്ചുള്ള വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

11 (1815) ആരാധനാലയങ്ങൾ പരിരക്ഷിക്കുവാൻ നടപടി

ശ്രീ. എ.കെ. മണി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര ആരാധനാലയങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഈ ആരാധനാലയങ്ങളുടെ ജീർണ്ണാവസ്ഥ പരിഹരിച്ച് പുതുക്കിയ പണിയുന്നതിനും പുതിയ ആരാധനാലയങ്ങൾ ഉണ്ടാക്കുന്നതിനും സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) കണക്കാക്കിയിട്ടില്ല.

(ബി) തൽക്കാലം പദ്ധതികൾ ഒന്നും തന്നെ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

12 (1816) പാറശ്ശാല ഐ.എച്ച്.ഡി.പി. കോളനിയുടെ ശോച്യാവസ്ഥ

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ ഐ.എച്ച്.ഡി.പി. കോളനികളുടെ ശോച്യാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളിൽ വെള്ളവും വെളിച്ചവും ഗതാഗതസൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഐ.എച്ച്.ഡി.പി. കോളനികളിലെ കുറവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly